ഉത്തരം

(എ) 2003-04-ൽ 426 കോടി രൂപയുടേയും 2004-05-ൽ 499 കോടി രൂപയുടേയും നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) 30-9-2004-ൽ കോർപ്പറേഷനിൽ നിലനിന്നിരുന്ന ക്രമക്കേടുകളെപ്പറ്റി ഒരു പരാതി ലഭിക്കുകയും അതിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ പർച്ചേസ് സിസ്റ്റം കൂടുതൽ സുതാര്യമാക്കുവാൻ ഇ-ടെണ്ടർ സിസ്റ്റം നടപ്പിൽ വരുത്തുകയും തത്ഫലമായി സാധനങ്ങൾ പൊതു വിപണിയേക്കാൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുവാനും കഴിഞ്ഞിട്ടുണ്ട്. ഇ-ടെണ്ടർ പ്രകാരം രാജ്യത്തിന്റെ ഏതു കോണിൽ നിന്നും ഏതൊരു യഥാർത്ഥ സപ്ലൈയർക്കും ഇടനിലക്കാരെ കൂടാതെ തന്നെ ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കോർപ്പറേഷൻ 11-7-2005-ലെ ഡയറക്ടർ ബോർഡ് മീറ്റിംഗിൽ വച്ച് തീരുമാനമെടുക്കുന്നതിന് വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ഫുഡ് സ്റ്റാമ്പ് സമ്പ്രദായം

63 [374] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വിതരണ രംഗത്ത് ഭക്ഷ്യ കൂപ്പൺ (ഫുഡ് സ്റ്റാമ്പ്) സമ്പ്രദായം നടപ്പാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കിയാൽ കേരളത്തിൽ ഭക്ഷ്യ ധാന്യ കോർപ്പറേഷനെയും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായത്തെയും പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദമാക്കാമോ;

(സി) ഫുഡ് സ്റ്റാമ്പ് സമ്പ്രദായത്തിന്റെ നിബന്ധനകൾ സ്റ്റാറ്റ്യൂട്ടറി റേഷനിംഗിന് എതിരാകുമോ; അത്തരം നിബന്ധനകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

GPM. 2/360/2012.—15

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രിയുടെ 2004-2005 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇന്ത്യയുടെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് തെരഞ്ഞെടുത്ത ഒന്നോ രണ്ടോ ജില്ലകളിൽ ഭക്ഷ്യ വിതരണ രംഗത്ത് ഭക്ഷ്യ കൂപ്പൺ (ഫുഡ് സ്റ്റാമ്പ്) പദ്ധതി പരീക്ഷണാർത്ഥം നടപ്പാക്കുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

എലത്തൂർ പഞ്ചായത്തിൽ മാവേലി സ്റ്റോർ

64 [375] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിൽ പുതിയ നിരത്ത് എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിന്റെ ഒരു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എലത്തൂർ പഞ്ചായത്തിലെ പുതിയ നിരത്ത് എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ലഭിക്കുകയുണ്ടായില്ല.

ശബരി സ്റ്റോറുകൾ

65 [376] *ശ്രീ. എ. എ. അസീസ്:*
,, *കൊവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ശബരി സ്റ്റോറുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ; ഇവ ഏത് മാനദണ്ഡമനുസരിച്ചാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly